പ്രവർത്തിക്കുന്ന മത്സ്യബന്ധനയാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ യാനങ്ങളേയും സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ജാഗ്രതാ സമിതി അംഗങ്ങളുടെ പ്രവർത്തനങ്ങൾ കടലോര പ്രദേശത്തുള്ള മറ്റ് ജനങ്ങൾക്കിടയിലും തീരദേശ സുരക്ഷയെക്കുറിച്ചുള്ള ഒരു അവബോധം ഉണ്ടാക്കുന്നതിനും അവരെയൊക്കെ തന്നെ ജാഗരൂകരാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. അപരിചിതരായ ആളുകൾ, ബോട്ടുകൾ, സംശയകരമായ ചരക്കുനീക്കങ്ങൾ എന്നിവ ജാഗ്രതാ സമിതി അംഗങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും സംശയകരമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ഈ വിവരം ഉടൻതന്നെ ബന്ധപ്പെട്ടവരെ അറിയിക്കുകയും അനന്തര നടപടികൾ തൽക്ഷണം സ്വീകരിക്കുകയും ചെയ്തുവരുന്നു.

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

23 (*203) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിന്റെകീഴിൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) തീരദേശ മേഖലയിലെ മത്സ്യഗ്രാമങ്ങളിലെയും മത്സ്യത്തൊഴിലാളികളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി സർക്കാർ 3092 കോടിയോളം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഹാർബറുകൾ, തീരദേശ റോഡുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾ, മത്സ്യവില്പനക്കാർക്ക് പലിശരഹിത വായ്പ, റിവോൾവിംഗ് ഫണ്ട്, കുടിവെള്ള പദ്ധതികൾ, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, മത്സ്യ മാർക്കറ്റുകളുടെ നവീകരണം തുടങ്ങിയവയാണ് പ്രധാനപ്പെട്ട പദ്ധതികൾ. ഇതിനുപുറമേ 13-ാം ധനകാര്യകമ്മീഷൻ അനുവദിച്ചിട്ടുള്ള 200 കോടി രൂപയ്ക്കുള്ള പദ്ധതികളുടെ രൂപരേഖയും തയ്യാറാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമപെൻഷൻ 400 രൂപയായിട്ടുയർത്താനും സമ്പാദ്യ സമാശ്വാസ പദ്ധതി തുക ഇരട്ടിയാക്കാനും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത് 25 മത്സ്യഗ്രാമങ്ങളിൽ 2011-12 സാമ്പത്തിക വർഷത്തിൽ പ്രത്യേക വികസന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെയും ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണവും ഉദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൻ കീഴിൽ കടലോര മേഖലയിൽ സുസ്ഥിരമായി ജീവിത നിലവാരം ഉയർത്തുന്നതിന് തീരമൈത്രി എന്ന പദ്ധതിക്ക് 2010-11-ൽ തുടക്കം കുറിച്ചിട്ടുണ്ട്. 2011-12-ൽ 400 ലക്ഷം രൂപയാണ് തീരമൈത്രി മിഷനു വേണ്ടി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരളത്തിലെ മത്സ്യബന്ധന സമൂഹത്തിന്റെ ജീവിത നിലവാരം സുസ്ഥിരമായി ഉയർത്തുവാനുള്ള സംയോജിത വികസനം

2. വൈവിധ്യമാർന്ന ജീവിത നിലവാരം പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യബന്ധന കുടുംബങ്ങളുടെ വരുമാന നിലവാരം വർദ്ധിപ്പിക്കുന്നതിനും മറ്റ് ജീവിത മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും

3. കാര്യശേഷി വർദ്ധിപ്പിക്കുന്ന പരിപാടികൾമുഖേന വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനും പുതിയ ഉപജീവനവൈദഗ്ധ്യം നൽകുന്നതിനും

4. കാര്യക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക വിദ്യയുടെ നവീകരണം ഊർജ്ജിതമാക്കുന്നതിനും.

സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

24 (*204) ശ്രീ. എം. എം. മോനായി :
ശ്രീ. പി. വിശ്വൻ :
ശ്രീ. വി. ശശികുമാർ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിട്ടുണ്ടോ ;

(സി) സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ വർഷം എത്ര ടൈപ്പ്റൈറ്ററുകൾ വാങ്ങി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) വാറന്റി കഴിഞ്ഞ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് വകുപ്പിലെ വർക്ക്ഷോപ്പ് മെക്കാനിക്കുകൾക്ക് പരിശീലനം നൽകുമോ ?

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ,

(എ) എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ടിംഗ് വിഭാഗങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റേഷനറി വകുപ്പിനെ ദേശീയ ഇ-ഗവേണൻസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്ഥാന കാര്യാലയത്തിൽ

LIBRARY ARCHIVES Kerala Legislative Assembly